(ബി) സർവ്വകലാശാലാ തലത്തിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ടുന്ന ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർവ്വകലാശാലകളിൽ യുവജനോത്സവം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാർച്ച് 2-ാം തീയതി മുതൽ യുവജനോത്സവം ആരംഭിക്കുകയാണെന്ന് അറിയിച്ചിട്ടുണ്ട്. എം. ജി., കേരള യൂണിവേഴ്സിറ്റികളിൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ച കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ തെരഞ്ഞെടുപ്പുകൾ നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളതെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ആനുകൂല്യങ്ങൾ നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

യുവജനോത്സവങ്ങളിൽ തുടർച്ചയായി ജഡ്ജിമാരായി നിയമിക്കാതിരിക്കാൻ നടപടി

42 [1443] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരിൽ നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ജഡ്ജിമാരായിരുന്നവരിൽ തുടർച്ചയായി മൂന്ന് വർഷം ഏതെങ്കിലും ഇനത്തിന്റെ ജഡ്ജ് ആയിരുന്നവർ എത്രപേരുണ്ട്; അവർ ആരെല്ലാം;

(ബി) ഇവരെ തുടർച്ചയായി ജഡ്ജിമാരാക്കുന്നതിന്റെ കാരണം എന്തെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ ഒരിക്കൽ ഏതെങ്കിലും ഇനത്തിൽ ജഡ്ജിയാകുന്ന ആളിനെ തുടർന്നുവരുന്ന മൂന്ന് വർഷം ജഡ്ജിയാകുന്നത് നിരോധിച്ചുകൊണ്ട് വ്യവസ്ഥയുണ്ടാക്കുമോ?

ഉത്തരം

(എ) തിരൂരിൽ നടന്ന യുവജനോത്സവത്തിൽ ജഡ്ജിമാരായിരുന്നവരിൽ തുടർച്ചയായി മൂന്ന് വർഷം ജഡ്ജ് ആയിരുന്നവരുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചില മത്സര ഇനങ്ങളിൽ പരിചയ സമ്പന്നരായ കലാകാരൻമാരെ ലഭിക്കാതെ വരുന്ന സാഹചര്യത്തിലാണ് തുടർച്ചയായി ജഡ്ജായി നിയമിക്കേണ്ടിവരുന്നത്. ഓരോ വർഷവും വിധികർത്താക്കളുടെ പാനൽ പുതുക്കാറുണ്ട്. നിലവിലുള്ള പാനലിൽ ഏകദേശം 30% മാത്രം പുതിയവരെ ഉൾപ്പെടുത്തുവാൻ കഴിയാറുണ്ട്.

(സി) സംസ്ഥാന സ്കൂൾ യുവജനോത്സവ മാനുവൽ പരിഷ്കരിക്കുന്ന സമയത്ത് ഇക്കാര്യവും പരിശോധിക്കാവുന്നതാണ്.

ഗ്രേഡിംഗ് സമ്പ്രദായവും കായികതാര വിദ്യാർത്ഥികളുടെ ഉപരിപഠന പ്രതിസന്ധിയും

43 [1444] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രേഡിംഗ് സമ്പ്രദായം നിലവിൽ വരുന്നതോടെ സ്കൂൾ കായികരംഗത്ത് ഉണ്ടാകാവുന്ന പ്രതിസന്ധികൾ എന്തെല്ലാമാണ് ;

(ബി) ഇപ്പോൾ എസ്. എസ്. എൽ. സി. വിദ്യാർത്ഥികൾക്ക് ഗ്രേസ്മാർക്ക് നൽകുന്നത് എപ്രകാരമാണ്;

(സി) സംസ്ഥാന സർക്കാർ 4-2-2004-ൽ ഇറക്കിയ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി. പരീക്ഷയിൽ ഗ്രേഡിംഗ് രീതി നടപ്പാക്കുമ്പോൾ ഗ്രേസ് മാർക്ക് നിർത്തലാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയന ദിനം നഷ്ടപ്പെടുന്നത് വഴി ഡി+ പോലും ലഭിക്കാൻ ബുദ്ധിമുട്ടാകുന്ന സാഹചര്യം കായിക താരങ്ങളുടെ ഉപരിപഠനത്തെ ഗുരുതരമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കായിക താരങ്ങളുടെ ഉപരിപഠനം സുരക്ഷിതമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ;

(എഫ്) ഇപ്പോൾ നിലവിലുള്ള അഞ്ച് ശതമാനം സ്പോർട്സ് ക്വാട്ടാ സംവരണം നിർത്തലാക്കുവാൻ എന്തെങ്കിലും ആലോചന നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ സ്പോർട്സ് ക്വാട്ടാ നിലനിർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രതിസന്ധികൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല.

(ബി) നിലവിലുള്ള വിവിധ സർക്കാർ ഉത്തരവുകൾ അനുസരിച്ച് മുൻ വർഷങ്ങളിൽ അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് തുടർന്നും വൈജ്ഞാനിക മേഖലയിലെ എഴുത്ത് പരീക്ഷയ്ക്ക് നൽകുന്നതാണ്.

(സി) ഉണ്ട്.

എന്നാൽ 4-2-2004-ലെ ഉത്തരവിന് ഭേദഗതി വരുത്തി ഗ്രേസ്മാർക്ക് മുൻവർഷങ്ങളിലെ രീതിയിൽ തുടർന്നും നൽകുന്നതിന് തീരുമാനിച്ച്

LIBRARY ARCHIVES Kerala Legislative Assembly